**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5360** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി കണക്ഷനുകളുടെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷി ഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ വൈദ്യുതി കണക്ഷനുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ വൈദ്യുതി കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ചാർജ് കുടിശികയുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; എത്ര രൂപയാണ് കുടിശികയുള്ളതെന്ന് അറിയിക്കാമോ; | (ബി) | വൈദ്യുതി ചാർജ് കുടിശ്ശിക തുക ജില്ല തിരിച്ചുള്ള വിവരം, **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | വൈദ്യുതി ചാർജ് കുടിശിക അടയ്ക്കുന്നതിലെ കാലതാമസം എന്താണെന്നും ഈ സാമ്പത്തിക വർഷം കുടിശിക മുഴുവൻ അടക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിക്കായി കൃഷി വകുപ്പിന് എല്ലാ വർഷവും 60 മുതൽ 80 കോടി രൂപവരെ ആവശ്യമുണ്ട്. എന്നാൽ വർഷങ്ങളായി ഏകദേശം 35-40 കോടി രൂപയാണ് അനുവദിച്ച് വരുന്നത്. ഇത് വർഷം തോറുമുള്ള കുടിശ്ശിക തുക ഉയരുന്നതിന് കാരണമാകുന്നു. 2022-23 സാമ്പത്തിക വർഷം 36.92 കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് അനുവദിച്ചത്. വൈദ്യുതി കുടിശ്ശിക തുക തീർപ്പാക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| **ക്രമ നം.** | **ജില്ല** | **വൈദ്യുതി കണക്ഷനുകളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 1927 |
| 2 | കൊല്ലം | 1503 |
| 3 | പത്തനംതിട്ട | 103 |
| 4 | ആലപ്പുഴ | 9352 |
| 5 | കോട്ടയം | 1837 |
| 6 | ഇടുക്കി | 1141 |
| 7 | എറണാകുളം | 20243 |
| 8 | തൃശ്ശൂർ | 102895 |
| 9 | പാലക്കാട് | 48271 |
| 10 | മലപ്പുറം | 32543 |
| 11 | കോഴിക്കോട് | 3605 |
| 12 | വയനാട് | 2495 |
| 13 | കണ്ണൂർ | 6510 |
| 14 | കാസർഗോഡ് | 31215 |
| | **ആകെ** | **263640** |

**അനുബന്ധം 2**

| ക്രമ നം. | ജില്ല | 28.02.2023 വരെയുള്ള കുടിശിക തുക (ലക്ഷം രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 14.91359 |
| 2 | കൊല്ലം | 24.09210 |
| 3 | പത്തനംതിട്ട | 20.15872 |
| 4 | ആലപ്പുഴ | 1302.67203 |
| 5 | കോട്ടയം | 1352.95391 |
| 6 | ഇടുക്കി | 42.99666 |
| 7 | എറണാകുളം | 480.67218 |
| 8 | തൃശ്ശൂർ | 6014.15835 |
| 9 | പാലക്കാട് | 5022.53924 |
| 10 | മലപ്പുറം | 602.00948 |
| 11 | കോഴിക്കോട് | 25.95017 |
| 12 | വയനാട് | 122.50750 |
| 13 | കണ്ണൂർ | 73.30019 |
| 14 | കാസർഗോഡ് | 1417.77665 |
| | **ആകെ** | **16516.70077** |